**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 157** **22-07-2021 - ൽ മറുപടിയ്ക്ക്**

**കൂത്തുപറമ്പ് മണ്ഡലത്തിലെ കിൻഫ്ര വ്യവസായ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് മണ്ഡലത്തിലെ നവോദയകുന്നിൽ കിൻഫ്ര വ്യവസായ പാർക്ക് സ്ഥാപിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | കണ്ണൂർ ജില്ലയിലെ, കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ, മൊകേരി, ചെറുവാഞ്ചേരി, പുത്തൂർ വില്ലേജുകളിൽപ്പെട്ട 506 ഏക്കർ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരികയാണ്. ഇതിന്റെ ഭാഗമായി 11(1) വകുപ്പു പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം പ്രസിദ്ധീകരിച്ചു കഴിഞ്ഞു. |
| (ബി) | പ്രസ്തുത പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുന്നതിന് വകുപ്പുതലത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | ഭൂമി ഏറ്റെടുക്കൽ ത്വരിതപ്പെടുത്തുന്നതിനായി പ്രത്യേക എൽ.എ യൂണിറ്റ് ചാലോട് എന്ന സ്ഥലത്ത് ആരംഭിക്കുകയും, ഏറ്റെടുക്കൽ നടപടികൾ നടന്നുവരികയുമാണ്. |
| (സി) | ഇതുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; | (സി) | 11(1) വകുപ്പു പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം പ്രസിദ്ധീകരിച്ചു. |
| (ഡി) | വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിലൂടെ പ്രദേശത്ത് ഉണ്ടാവുന്ന വികസന സാധ്യതകൾ വിശദീകരിക്കുമോ? | (ഡി) | വ്യവസായ പാർക്ക് സ്ഥാപിക്കുന്നതുവഴി വ്യാവസായിക വികസനം കൂടാതെ പ്രദേശത്തിന്റെ മൊത്തത്തിലുള്ള വികസനവും നേരിട്ടും പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ